**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4517** **10-08-2021 - ൽ മറുപടിയ്ക്ക്**

**എൽ.ബി.എസ്. ൽ ഒടുക്കിയ ഫീസ് തിരികെ നൽകുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ അധ്യയന വർഷത്തിൽ എഞ്ചിനീയറിംഗ് പ്രവേശനത്തിന് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജുകളിൽ അഡ്മിഷൻ നേടുകയും തുടർന്ന് സ്പോട്ട് അഡ്മിഷൻ സമയത്ത് മറ്റ് എഞ്ചിനീയറിംഗ് കോളേജുകളിലേക്ക് മാറിപ്പോയതുമായ വിദ്യാർത്ഥികൾക്ക് അവർ എൽ.ബി.എസ്. ൽ ഒടുക്കിയ ഫീസ് നാളിതുവരെ തിരികെ നൽകിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | എൽ.ബി.എസ്. സെന്ററിനു കീഴിൽ കാസർഗോഡും, തിരുവനന്തപുരത്ത് പൂജപ്പുരയിലുമായി രണ്ട് എഞ്ചിനീയറിംഗ് കോളേജുകളാണ് പ്രവർത്തിക്കുന്നത്. 2020-21 അദ്ധ്യയന വർഷത്തിൽ കാസർഗോഡ് എഞ്ചിനീയറിംഗ് കോളേജിൽ പ്രവേശനം നേടുകയും തുടർന്ന് സ്പോട്ട് അഡ്മിഷൻ ലഭിച്ച് മാറിപ്പോയതുമായ 35 പേർക്കും പൂജപ്പുര വനിതാ എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് സ്പോട്ട് അഡ്മിഷൻ വഴി മാറിപ്പോയതുമായി 31 വിദ്യാർത്ഥിനികൾക്കും ഒടുക്കിയ ഫീസ് തിരികെ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിദ്യാർത്ഥികൾക്ക് ഫീസ് തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (ബി) | സ.ഉ (സാധാ) നം. 77/2019/ഉ.വി.വ തീയതി 18/01/2019 ഉത്തരവ് പ്രകാരം അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും തുക മടക്കി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ